ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 20.02.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ ഇന്ത്യ **AI** ഇംപാക്ട് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ വിവിധ രാഷ്ട്രത്തലവന്മാരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി.

   **Prime Minister Narendra Modi met with various heads of state on the sidelines of the India AI Impact Summit in New Delhi.**

2. ഇന്ത്യ **AI** ഇംപാക്ട് ഉച്ചകോടിയിൽ എ ഐ അടിസ്ഥാന സൗകര്യങ്ങൾക്കായി 250 ബില്യൺ കോടിയിലധികം നിക്ഷേപ പ്രതിബദ്ധത ലഭിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav said that over 250 billion crore investment commitment was received for AI infrastructure at the India AI Impact Summit.**

3. അതിർത്തി പ്രദേശങ്ങളുടെ വികസനത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ.

   **Union Minister Amit Shah said that the central government is committed to the development of border areas.**

4. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ അന്തിമമാക്കാൻ പ്രവർത്തിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ.

**Ministry of External Affairs spokesperson Randhir Jaiswal said that work is underway to finalize the free trade agreement between India and the United States.**

5. കേരളത്തിൽ എസ് ഐ ആറിൻറെ ഭാഗമായ അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും.

**The final voter list, which is part of the SIR in Kerala, will be published tomorrow.**

6. ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഒമാനെതിരെ ടോസ് നേടിയ ഓസ്ട്രേലിയ ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**Australia won the toss against Oman in the T20 Cricket World Cup and elected to field.**

**********************

## REV EVE PM-BILATERALS

ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ലിച്ചെൻസ്റ്റൈൻ രാജകുമാരൻ പ്രിൻസ് അലോയിസുമായി കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം തുടങ്ങി വിവിധ മേഖലകളിലെ സഹകരണം പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് ആശയവിനിമയം നടത്തിയതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഉച്ചകോടിയുടെ ഭാഗമായി യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ്, സ്ലോവാക് റിപ്പബ്ലിക്കൻ പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിൻ, മൗറീഷ്യസ് പ്രധാനമന്ത്രി നവിൻചന്ദ്ര രാംഗൂലം, ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകെ എന്നിവരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

**********************

## REV.PM STARTUP ROUNDTABLE

എഐ, ഡീപ്ടെക് സ്റ്റാർട്ടപ്പുകളുടെ സി.ഇ.ഒമാരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി, ന്യൂഡൽഹിയിലെ സേവാ തീർത്ഥിൽ കൂടിക്കാഴ്ച നടത്തി. കൃഷി, പരിസ്ഥിതി സംരക്ഷണം, മാതൃഭാഷയിലുള്ള ഉന്നത വിദ്യാഭ്യാസം

തുടങ്ങിയ വിവിധ മേഖലകളിൽ എഐ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് പ്രധാനമന്ത്രി സംരംഭകരുമായി ചർച്ച ചെയ്തു. നിർമിത ബുദ്ധിയുടെ ജാഗ്രതപൂർണമായ ഉപയോഗം ഡാറ്റ ഗവേണൻസിന്റെ ആവശ്യകത എന്നിവയെ പറ്റിയും ചർച്ചകൾ നടന്നു.

********************

## Ashwini Vaishnaw (INTRO)

ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയിൽ എ ൈഎ അടിസ്ഥാന സൗകര്യങ്ങൾക്കായി 250 ബില്യൺ കോടിയിലധികം നിക്ഷേപ പ്രതിബദ്ധത ലഭിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഇതിനോടകം അന്തിമ കരാറിൽ ഒപ്പുവച്ചവരുടെ എണ്ണം 70 കവിഞ്ഞു. അത് ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിന് കരുത്തുപകരുന്നതായിരുന്നു ഉച്ചകോടിയെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

********************

## AI-IMPACT SUMMIT

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഉച്ചകോടിയുടെ അഞ്ചാം ദിവസമായ ഇന്ന് GPAI ഉന്നതതല കൗൺസിൽ യോഗങ്ങളും ചേർന്നു. നിർമിത ബുദ്ധിയിലെ ആഗോള സഹകരണ സാധ്യതകൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചുള്ള വിശദമായ ചർച്ചകളാണ് ഉച്ചകോടിയിൽ നടന്നത്. ഇന്ത്യ- യുഎസ് 'പാക്സ് സിലിക്ക' പ്രഖ്യാപനവും ഉച്ചകോടിയോടനുബന്ധിച്ച് ഒപ്പുവെച്ചു.

********************

## VAISHNAW-PICHAI (INTRO)

കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈയുമായി കൂടിക്കാഴ്ച നടത്തി. വിദ്യാഭ്യാസം ആരോഗ്യം , പുനരുപയോഗ ഊർജ്ജം എന്നീ മേഖലയിൽ നിർമിതബുദ്ധിയുടെ ഉപയോഗം സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. ആഗോള തലത്തിൽ നിർമിത ബുദ്ധി വിദഗ്ദ്ധമായി ഉപയോഗിക്കാൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്നും ഇതിനായി ഗൂഗിളിൻറെ എല്ലാ സഹകരണവും ഉറപ്പു നൽകുന്നതായും സുന്ദർ പിച്ചൈ പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

********************

## MEA STATEMENT

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ അന്തിമമാക്കാൻ പ്രവർത്തിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ഇതിനായി ഇന്ത്യയിൽ നിന്നുള്ള പ്രതിനിധി സംഘം അടുത്ത ആഴ്ച അമേരിക്ക സന്ദർശിക്കും. വെനസ്വേലയിൽ നിന്ന് എണ്ണ വാങ്ങുന്നത് ഇന്ത്യക്ക് വാണിജ്യപരമായി ലാഭകരമാണെങ്കിൽ അത് പരിഗണിക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു.

********************

## HEALTH- AIIMS

രോഗി പരിചരണം, അദ്ധ്യാപനം, ഗവേഷണം എന്നിവയിൽ സന്തുലിതമായ സമീപനം നിലനിർത്തുന്നതിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി ജെ.പി. നഡ്ഡ. ന്യൂഡൽഹിയിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പുതിയ പ്രസിഡന്റുമാർക്കും എക്സിക്യൂട്ടീവ് ഡയറക്ടർമാർക്കും വേണ്ടിയുള്ള ലീഡർഷിപ്പ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ മുന്നോട്ടുവയ്ക്കാനും സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് കോൺക്ലേവ് ലക്ഷ്യമിടുന്നത്.

********************

## GOYAL- EXPORT PROMOTION

ഇന്ത്യയെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയയായി നിലനിർത്തുന്നതിൽ കയറ്റുമതി നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ എക്സ്പോർട്ട് പ്രമോഷൻ മിഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അമേരിക്കയുമായുള്ള ഉഭയകക്ഷി വ്യാപാര കരാറിന്റെ ആദ്യ ഘട്ടം ഉൾപ്പെടെ, ഒമ്പത് സ്വതന്ത്ര വ്യാപാര കരാറുകൾ വഴി ആഗോള ജിഡിപിയുടെ വലിയ ശതമാനവുമായി ഇന്ത്യ വ്യാപാരത്തിൽ ഏർപ്പെടുന്നുണ്ടെന്നും ശ്രീ ഗോയൽ പറഞ്ഞു.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ

കി ബാത് മറ്റന്നാൾ. പരിപാടിയുടെ 131-ാ‍ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് കൂടി അറിയിക്കാം.

********************

## EVE. SHAH-ASSAM (INTRO)

അതിർത്തി പ്രദേശങ്ങളുടെ വികസനത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. അസമിലെ ഇന്ത്യ-ബംഗ്ലാദേശ് അതിർത്തി പ്രദേശമായ നാഥുൻപൂരിൽ ആറായിരത്തി 839 കോടിയുടെ വൈബ്രന്റ് വില്ലേജ് പ്രോഗ്രാം 2.0 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ 17 സംസ്ഥാനങ്ങളിലെ ഏകദേശം ആയിരത്തി തൊള്ളായിരത്തി 54 ഗ്രാമങ്ങളിലും അസമിലെ 140 അതിർത്തി ഗ്രാമങ്ങളിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയ്സ്)

********************

## IONS

2025–2027 കാലയളവിലേക്കുള്ള ഇന്ത്യൻ മഹാസമുദ്ര നാവിക സിമ്പോസിയത്തിന്റെഅധ്യക്ഷസ്ഥാനം തായ്‌ലൻഡിൽ നിന്ന് ഇന്ത്യ ഔദ്യോഗികമായി ഏറ്റെടുത്തു. ഇത് ഇന്ത്യൻ നാവികസേനയ്ക്കും ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ ഇന്ത്യയുടെ വികസിച്ചുകൊണ്ടിരിക്കുന്ന തന്ത്രപരമായ ഇടപെടലിനും നിർണായകമാണ്. സമുദ്ര സഹകരണവും വികസിച്ചുകൊണ്ടിരിക്കുന്ന സുരക്ഷാ വെല്ലുവിളികളോടുള്ള കൂട്ടായ പ്രതികരണങ്ങളും പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ളതാണ് 25 അംഗ രാജ്യങ്ങൾ ഉൾപ്പെടുന്ന IONS ഫോറം.

********************

## VOTERS LIST

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേർന്നു. അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു. അന്തിമ വോട്ടർ പട്ടികയിൽ രണ്ട് കോടി 69 ലക്ഷത്തി അമ്പത്തി മൂവായിരത്തി അറുനൂറ്റി നാല്പത്തി നാല് വോട്ടർമാരാണ് ഉൾപ്പെട്ടിട്ടുള്ളത്. വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് നാളെ

മുതൽ തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പട്ടിക സമർപ്പിക്കാനുള്ള അവസാന ദിവസം വരെ പേര് ചേർക്കാൻ ഉള്ള അപേക്ഷകൾ നൽകാൻ സാധിക്കും.

********************

## KERALA CABINET

വയനാട് മേപ്പാടി ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും, സംരഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു. പൂർണ്ണമായി നഷ്ടം സംഭവിച്ച കടകൾക്ക് ഏഴ് ലക്ഷം രൂപയും, കടയുടമയ്ക്ക് ഒന്നിൽക്കൂടുതൽ കടമുറികൾ നഷ്ടമായിട്ടുണ്ടെങ്കിൽ അധികമുള്ള ഓരോ മുറിയ്ക്കും രണ്ടര ലക്ഷം രൂപ വീതവും നഷ്ടപരിഹാരം അനുവദിക്കും. സംരംഭകർക്ക്, നഷ്ടത്തിൻറെ 50 ശതമാനമോ, നിശ്ചിത തുകയോ നഷ്ടപരിഹാരമായി നൽകും. സംസ്ഥാന ഐ ടി നയം 2026 നും മന്ത്രിസഭായോഗം അംഗീകാരം നൽകി.

********************

## T20 WORLD CUP

ടി-20 ക്രിക്കറ്റ് ലോകകപ്പിൽ പ്രാഥമിക റൗണ്ടിലെ അവസാന മത്സരത്തിൽ ഓസ്ട്രേലിയ-ഒമാനെ നേരിടുന്നു. ടോസ് നേടിയ ഓസ്ട്രേലിയ ഫീൽഡിംഗ് തെരഞ്ഞെടുത്തു. ലോകകപ്പിലെ സൂപ്പർ 8 മത്സരങ്ങൾക്ക് നാളെ തുടക്കമാകും. ആദ്യ മത്സരത്തിൽ പാകിസ്ഥാൻ -ന്യൂസിലാൻഡിനെ നേരിടും.

********************

## IRAN-UN

ഇറാനെതിരെ അമേരിക്ക സൈനിക നീക്കം നടത്തിയാൽ സ്വയം പ്രതിരോധിക്കാനുള്ള അവകാശം വിനിയോഗിച്ച് മറുപടി നൽകുമെന്ന് ഇറാൻ ഐക്യരാഷ്ട്രസഭയിൽ പറഞ്ഞു. ആക്രമണങ്ങളെ സാധാരണവൽക്കരിക്കരുതെന്നും കാലതാമസം ഇല്ലാതെ ഐക്യരാഷ്ട്ര സഭ ഉണർന്നു പ്രവർത്തിക്കണമെന്നും ഇറാൻ ആവശ്യപ്പെട്ടു. പശ്ചിമേഷ്യമേഖലയിൽ അമേരിക്കയുടെ സൈനിക വിന്യാസതിന്റെ പശ്ചാത്തലത്തിലാണിത്. അതേസമയം ആണവ കരാറിൽ അമേരിക്കയുമായി ഇറാൻ ധാരണയിൽ എത്തണമെന്നും അല്ലെങ്കിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി.

********************

## NHAI- FEE PLAZA

ഈ വർഷം ഏപ്രിൽ 1 മുതൽ രാജ്യത്തുടനീളമുള്ള എല്ലാ ദേശീയ പാത ടോൾ പ്ലാസകളിലും പണം നല്കുന്നത് നിർത്തലാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. പൂർണ്ണമായും ഡിജിറ്റൽ ടോൾ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും പ്രവർത്തന കാര്യക്ഷമത ശക്തിപ്പെടുത്തുന്നതിനുമാണ് നടപടി. എല്ലാ പേയ്മെന്റുകളും ഫാസ്റ്റ് ടാഗ്, UPI തുടങ്ങിയ ഡിജിറ്റൽ സംവിധാനം വഴിയാക്കുമെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചു.

********************

**********

****